# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4464 28.06.2012 - ൽ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ:<br>,, പാലോട് രവി:<br>,, തേറമ്പിൽ രാമകൃഷ്ണൻ:<br>,, സി. പി. മുഹമ്മദ് : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>( പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. ഇ- പേയ്മെന്റ് സംവിധാനം 15.3.2012 മുതൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നടപ്പിലാക്കി. കെട്ടിട വിഭാഗത്തിൽ ആദ്യഘട്ടം നടപ്പിലാക്കിക്കഴിഞ്ഞു. |
| (ബി) | സുതാര്യവും സുരക്ഷിതവും വേഗതയേറിയതുമായ പ്രസ്തുത സമ്പ്രദായം ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന് എടുത്തിട്ടുളള നടപടികൾ എന്തെല്ലാമാണ് ; | (ബി) | ഇതിന്റെ ഭാഗമായി പൊതു-മരാമത്ത് കെട്ടിട വിഭാഗത്തിൽ കരാറുകാർക്ക് പേയ്മെന്റ് നൽകുന്ന ഉദ്യോഗസ്ഥർ (എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ) ട്രഷറിയോടനു-ബന്ധിച്ചുള്ള ബാങ്കുകളിൽ സീറോ ബാലൻസ് അക്കൗണ്ട് തുറന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കരാറുകാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | കരാറുകാർക്ക് പേയ്മെന്റ് നൽകുന്നതിന് ജനറൽ ലെറ്റർ ഓഫ് ക്രഡിറ്റ് സർക്കാർ ഉത്തരവാകുന്ന ഉടൻതന്നെ കരാറുകാരുടെ അക്കൗണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യാൻ കഴിയും. ഈ സംവിധാനം സുതാര്യവും വേഗതയുള്ളതും സുരക്ഷിതവുമായിരിക്കും |
| (ഡി) | എങ്കിൽ ആദ്യഘട്ടം എന്ന് തുടങ്ങാനാകും എന്നാണ് ഉദ്ദേശിക്കുന്നത് ? | (ഡി) | ഇതിന്റെ ആദ്യ ഘട്ടം 3/2012 ൽ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ